**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2723** **22-01-2021 - ൽ മറുപടിയ്ക്ക്**

**റിസർവ്വ് വാച്ചർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . വിൻസെൻറ് | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 354/2016 പ്രകാരമുള്ള പി.എസ്.സി യുടെ റിസർവ്വ് വാച്ചർ/ഡിപ്പോ വാച്ചർ (വനം വകുപ്പ്) റാങ്ക് ലിസ്റ്റിന് 2 വർഷം കാലാവധി കഴിഞ്ഞിട്ടും യാതൊരു നിയമനവും ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) | റിസർവ്വ് വാച്ചർ റാങ്ക് ലിസ്റ്റിന്റെ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള 12-ലധികം വാച്ചർ തസ്തികകളിൽ വേണ്ടത്ര പോസ്റ്റ് ക്രിയേഷൻ, സാങ്ഷൻഡ് പോസ്റ്റ് എന്നിവ വർദ്ധിപ്പിച്ച് പരമാവധി നിയമനങ്ങൾ നടത്തുവാൻ നിർദേശം നൽകുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | വാച്ചർ തസ്തികയിൽ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | വാച്ചർ ഒഴിവുകൾ മറച്ചുവെച്ച് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | അംഗീകൃത വാച്ചർമാർക്ക് പ്രൊമോഷൻ നൽകി നിലവിലെ പി.എസ്.സി റിസർവ്വ് വാച്ചർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ഡി) | ഡിപ്പോ വാച്ചർ/റിസർവ്വ് വാച്ചർ തസ്തികകൾ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ടി നടപടികൾ പൂർത്തിയായ ശേഷം മാത്രമേ വാച്ചർമാരുടെ പ്രൊമോഷൻ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളാനാകൂ. |
| (ഇ) | ഓൺലൈൻ ഡിലീഷൻ നടപ്പിലാക്കി, ആവശ്യമില്ലാത്തവരെ ഒഴിവാക്കി, വാച്ചർ ജോലി ആവശ്യമുള്ള, നിലവിൽ മറ്റു സർക്കാർ ജോലി ഇല്ലാത്ത പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ള മറ്റുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; | (ഇ) | വാച്ചർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിലിവൽ സർക്കാർ ജോലിയുണ്ടോ എന്നും, ടി തസ്തികയിലേക്ക് നിയമനം നൽകിയാൽ ജോലിയിൽ പ്രവേശിക്കുമോ എന്നുമുള്ള വിവരങ്ങൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികളിൽ നിന്നും ശേഖരിക്കുക എന്നത് പ്രായോഗികമല്ല. |
| (എഫ്) | 13 ജില്ലകളിൽ നിലനിൽക്കുന്ന റിസർവ്വ് വാച്ചർ/ ഡിപ്പോ വാച്ചർ പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി നിയമനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ഒഴിവുണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതിന് വനംവകുപ്പിലെ വാച്ചർ തസ്തികയുടെ നിയമന അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ